(സി) കണക്ടഡ് ലോഡ് 500 വാട്ട്സിൽ കവിയാത്ത 20 യൂണിറ്റിൽ താഴെ പ്രതിമാസ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്കും, ഭൂപരിധി ഇല്ലാതെ നെൽക്കൃഷിക്ക് മുഴുവനും, രണ്ട് ഹെക്ടറിൽ കവിയാത്ത ഭൂമിയുള്ള മറ്റെല്ലാ കൃഷിക്കും വൈദ്യുതി സൗജന്യമാണ്. 23-9-1991 നും 31-12-1996 നും ഇടയ്ക്ക് വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദനം തുടങ്ങിയ വ്യവസായ സ്ഥാപനങ്ങൾക്ക് ഉല്പാദനം തുടങ്ങിയ തീയതി മുതൽ അഞ്ച് വർഷക്കാലം 1-1-1992-ന് നിലവിലുള്ള നിരക്ക് നൽകിയാൽ മതി. ഇതിന് പുറമെ 1992-97 കാലഘട്ടത്തെ പവർകട്ട് സമയത്ത് പ്രീ-92 നിരക്ക് അനുഭവിക്കുവാൻ സാധിക്കാതിരുന്ന വ്യവസായങ്ങൾക്ക് 50%-ൽ കൂടുതൽ പവർകട്ട് വന്നിട്ടുള്ള സമയം കണക്കാക്കി അത്രയും കാലം പ്രീ-92 നിരക്ക് ബാധകമാക്കിയിട്ടുണ്ട്.

(ഡി) 500 വാട്ട്സിൽ കവിയാത്ത, 20 യൂണിറ്റിൽ കുറവ് ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് -100 ശതമാനം, നെൽക്കൃഷിക്ക് -100 ശതമാനം എന്നീ കണക്കിൽ സൗജന്യം അനുവദിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ കുട്ടികളുടെ പഠനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി

23(*203) ശ്രീ. കെ. പി. സതീശ്ചന്ദ്രൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങളിലും കോളനികളിലും ഉള്ള കുട്ടികളുടെ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവയുടെ പഠനത്തിനായി എന്ത് സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ ആനുകാലിക പ്രസിദ്ധീകരണങ്ങളും റഫറൻസ് ഗ്രന്ഥങ്ങളും പത്രങ്ങളും ലഭ്യമാക്കി ഉത്ബോധന കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത ഉദ്ബോധന കേന്ദ്രങ്ങളിൽ പാർട്ട്ടൈം അദ്ധ്യാപകനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഇത്തരം കേന്ദ്രങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരെ പാർട്ട്ടൈം അദ്ധ്യാപകരായി നിയമിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഉദ്ബോധന കേന്ദ്രങ്ങളിൽ അത്യാവശ്യ സ്പോർട്സ് സാമഗ്രികൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ&ബി) പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങളിലെ കുട്ടികളെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും ആശ്രമം സ്കൂളുകളിലും ചേർത്ത് പഠിപ്പിക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടാതെ കുട്ടികളെ തെരഞ്ഞെടുത്ത് നിലവാരമുള്ള സ്കൂളുകളിൽ ചേർത്ത് പഠിപ്പിക്കാനുള്ള 'മെച്ചപ്പെട്ട വിദ്യാഭ്യാസ' പദ്ധതിയും ജില്ലാ പഞ്ചായത്തുകൾ നടപ്പാക്കുന്നുണ്ട്.

(സി,ഡി,ഇ&എഫ്) ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നതോടെ അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് അതാത് സ്ഥലത്തെ ബാലവാടികൾ, ബാലവാടി-കം-ഫീഡിംഗ് സെന്റർ, സീസണൽ ഡേ കെയർ സെന്റർ, ഡോർമിറ്ററികൾ എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്. ആയതിനാൽ ഇത് സംബന്ധമായ നടപടികൾ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളുമാണ് സ്വീകരിക്കേണ്ടത്. ഉദ്ബോധനകേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം വിശദമായി പരിശോധിക്കേണ്ടതുണ്ട്.

വൈദ്യുത പദ്ധതി പ്രദേശങ്ങൾ കേന്ദ്രീകരിച്ചുള്ള "ഹൈഡൽ ടൂറിസം"

24(*204) ശ്രീ. രാജു എബ്രഹാം :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എം. ദാസൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതി പദ്ധതി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് "ഹൈഡൽ ടൂറിസം" പദ്ധതി നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിൽ സ്വയം ഭരണാ വകാശത്തോടെ ''കേരള ഹൈഡൽ ടൂറിസം സെന്റർ'' പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എന്തൊക്കെയാണ് ഇതിന്റെ പ്രവർത്തനങ്ങൾ എന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് ഹൈഡൽ ടൂറിസം ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന പദ്ധതി പ്രദേശങ്ങളും അനുബന്ധ പ്രദേശങ്ങളും വ്യക്തമാക്കുമോ ;

(ഇ) ഹൈഡൽ ടൂറിസം പദ്ധതിയുടെ ഘടനയും ഇത് സംബന്ധിച്ചുള്ള വിശദാംശങ്ങളും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly